**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1208** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>നെന്മാറ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. കെ. പ്രേമൻ | ശ്രീ. ടി. സിദ്ദീഖ്<br>(കൃഷി വകുപ്പ് മന്ത്രി) |

**(എ)** നെന്മാറ മണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** നെന്മാറ മണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തിരവും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരം **അനുബന്ധമായി** ചേർക്കുന്നു.

**(ബി)** ഓരോ പദ്ധതിയുടെയും പുരോഗതി വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ;

**<u>മറുപടി:</u>** കൃഷി വകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് എല്ലാ മാസവും ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ കൃഷി ഉദ്യോഗസ്ഥരുടെ അവലോകന യോഗം നടത്താറുണ്ട്. ആവശ്യ ഘട്ടങ്ങളിൽ ഫീൽഡ് തല സന്ദർശനങ്ങളും വേണ്ടി വരുന്നു. ജനകീയാസൂത്രണ പദ്ധതികൾ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്നവയുടെ പ്രവർത്തന പുരോഗതി അതാത് പഞ്ചായത്ത് സെക്രട്ടറിമാർ ഭരണ സമിതി ചേർന്ന് നിർവഹണ ഉദ്യോഗസ്ഥരുടെ യോഗത്തിൽ അവലോകനം നടത്തി പുരോഗതി വിലയിരുത്തുന്നു. കൂടാതെ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അധ്യക്ഷതയിൽ എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെയും കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെയും ഫാം ഓഫീസറുടെയും, ലാബ് മറ്റ് അനുബന്ധ ഓഫീസറുടെയും നേതൃത്വത്തിൽ അവലോകന യോഗവും നടത്തി വരുന്നു.

**(സി)** നെല്ലിയാമ്പതി ഗവൺമെന്റ് ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

**<u>മറുപടി:</u>** ഗവൺമെന്റ് ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാം നെല്ലിയാമ്പതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ:

**1.** പി. എം. ആർ. കെ. വി. വൈ (PMRKVY) പദ്ധതി പ്രകാരം 2026-27 വർഷത്തിൽ കെ. എൽ. ഡി. സി (KLDC) മുഖാന്തിരം നടപ്പിലാക്കുന്നതിനായി താഴെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ചിരിക്കുന്നു. നെല്ലിയാമ്പതി ഗവ. ഓറഞ്ച് & വെജിറ്റബിൾ ഫാം സംയോജിത വികസന പദ്ധതി 2026-27 (പാഷൻ ഫ്രൂട്ട് പന്തലുകളുടെ നിർമ്മാണം, ഹൈടെക്ക് മഷ്റൂം കൃഷി യൂണീറ്റ്, സെയിൽസ് കൗണ്ടറുകളുടെ നവീകരണം, പുലയമ്പാറ സെന്ററിൽ സെയിൽസ് ഔട്ട് ലെറ്റ് നിർമ്മാണം, ടയിനീസ്

ഹോസ്റ്റലിനോട് ചേർന്ന് ട്രയിനിംഗ് ഹാൾ, മെസ്സ് ഹാൾ മുതലായവയുടെ നിർമ്മാണം, ടോയ് ലെറ്റ് കോംപ്ലക്സ് നിർമ്മാണം, ടിക്കറ്റ് കൗണ്ടർ നിർമ്മാണം, സോളാർ ഫെൻസിംഗ്, ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ് മുതലായവ).

**2.** മൈനർ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ ഫാമിൽ ഓട്ടോമേറ്റഡ് മൈക്രോ ഇറിഗേഷൻ സംവിധാനവും അതിനോടനുബന്ധിച്ച് ജല സ്രോതസ്സുകൾ ശക്തിപ്പെടുത്തുന്നതിനായി ചെക്ക് ഡാമുകളുടെ നിർമ്മാണം, നവീകരണം, കുളങ്ങളുടെ നിർമ്മാണം ഉൾപ്പെടെ സമഗ്രമായ പദ്ധതിയ്ക്ക് ഡി. പി. ആർ (DPR) സമർപ്പിച്ചിട്ടുണ്ട്. (ഏകദേശം 22 കോടി രൂപ).

**3.** 2018-19 മുതൽ ആരംഭിച്ച ഓറഞ്ച് കൃഷിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 2026-27 വർഷവും IIHR ചെത്തള്ളിയിൽ നിന്നും മികച്ചയിനം കൂർഗ് മാൻഡാരിൻ ഇനം തൈകൾ കൊണ്ടു വന്ന് നട്ടുപിടിപ്പിക്കൽ.

**4.** പുതിയ ഇനം പഴവർഗ്ഗ വിളകളുടെ കൃഷി വ്യാപിപ്പിക്കൽ - മാതൃ സസ്യ തോട്ടങ്ങൾ (ആപ്പിൾ, ലിച്ചി, ദുര്യൻ മുതലായവ).

**5.** മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണം, ഹൈടെക്ക് കൃഷി മുതലായ വിഷയങ്ങളിൽ പരിശീലന പരിപാടികൾ ആരംഭിക്കൽ.

**6.** സംയോജിത കൃഷി വ്യാപനത്തിന്റെ ഭാഗമായി ആട് വളർത്തൽ, മീൻ കൃഷി എന്നിവ ആരംഭിക്കൽ.

**7.** ഫാമിലെ മുഴുവൻ സ്ഥലവും വന്യ മൃഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി സോളാർ/ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ്, പുതിയ ഓഫീസ് സമുച്ചയം, തൊഴിലാളികൾക്കും ജീവനക്കാർക്കും ഉള്ള ക്വാർട്ടേഴ്സുകളുടെ നിർമ്മാണം, ഫാം ടൂറിസം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, തരിശു ഭൂമി മുഴുവൻ കൃഷിയിറക്കൽ (ഔഷധ സസ്യങ്ങളുടെ ചെടികൾ, സുഗന്ധ വിളകൾ, മുള മുതലായവ), ഡിജിറ്റൽ സർവ്വേ, വാട്ടർ ടാങ്കുകൾ, ഗസ്റ്റ് ഹൌസുകളുടെ നിർമ്മാണം, ISO നിലവാരത്തിലുള്ള മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണ യൂണീറ്റ് സജ്ജമാക്കൽ, ഫാം വെഹിക്കിൾ റീഫർവാൻ, ഇലക്ട്രിക്ക് ബസുകൾ/ വാനുകൾ തുടങ്ങിയവ വാങ്ങൽ, ഹെറിറ്റേജ് മ്യൂസിയം സജ്ജമാക്കൽ, കാന്റീൻ പുനരുദ്ധാരണം, ബയോഗ്യാസ്, ജൈവവള നിർമ്മാണ യൂണീറ്റുകൾ മുതലായവ നിർമ്മിക്കൽ എന്നിവ ഉൾകൊള്ളിച്ചു കൊണ്ട് സമഗ്രമായ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

നെന്മാറ മണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തിരവും

നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ

| ക്രമ നം | പദ്ധതിയുടെ പേര് | പദ്ധതിയുടെ ലക്ഷ്യം |
|---|---|---|
| 1 | നെൽ കൃഷി വികസന പദ്ധതി | നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായം നൽകി വരുന്നു |
| 2 | കേര രക്ഷാ വാരം | തെങ്ങ് വൃത്തിയാക്കി ജൈവവളങ്ങളും ജൈവകീട നിയന്ത്രണവും മാർഗ്ഗങ്ങളും നൽകുന്ന പദ്ധതി |
| 3 | ഫാം പ്ലാൻ | സംയോജിത കൃഷി പ്രോത്സാഹിപ്പിക്കാൻ ആരംഭിച്ച പദ്ധതി |
| 4 | എൻ എം എൻ എഫ് | പ്രകൃതി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതി |
| 5 | ബി പി കെ പി | ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ ആരംഭിച്ച പദ്ധതി |
| 6 | ഓർഗാനിക് ഫാമിംഗ് | ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ ആരംഭിച്ച പദ്ധതി |
| 7 | വിളകളുടെ ആരോഗ്യ പരിപാലനം | വിള ആരോഗ്യ പരിപാലനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതി |
| 8 | സുഗന്ധ വ്യഞ്ജന വികസനം | സുഗന്ധ വ്യഞ്ജനങ്ങളുടെ ഉത്പാദന വർദ്ധനവിനായി നടപ്പിലാക്കുന്ന പദ്ധതി |
| 9 | എഫ് പി ഒ (ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ) | കർഷകരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ആരംഭിച്ച പദ്ധതി |

| | | |
|---|---|---|
| 10 | എസ് എച്ച് എം എം ഡി എച്ച് | ഹോർട്ടികൾച്ചർ വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്നതിനും നടപ്പിലാക്കുന്ന പദ്ധതി |
| 11 | ജൈവ ഗ്രാമം പദ്ധതി | ജൈവ കൃഷി കർഷകരെ സഹായിക്കുന്നതിനായി ജൈവ ഗ്രാമം പദ്ധതി |
| 12 | ആത്മ | കാർഷിക വിജ്ഞാനവ്യാപനത്തിനായി നടപ്പിലാക്കുന്ന പദ്ധതി |
| 13 | കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ | കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുന്ന പദ്ധതി |
| 14 | ഡി സി എസ് | കൃഷിയിടങ്ങൾ ഡിജിറ്റലൈസേഷൻ നടത്തുന്നതിനായി ആരംഭിച്ച പദ്ധതി |
| 15 | ഓണ വിപണി | ഓണത്തിന് കുറഞ്ഞ വിലയിൽ പച്ചക്കറികൾ നൽകുന്നതിനായി ആരംഭിച്ച പദ്ധതി |
| 16 | സൗജന്യ വൈദ്യുതി | ചെറുകിട നാമ മാത്രകർഷകർക്ക് കൃഷി ആവശ്യത്തിന് സൗജന്യമായി നൽകുന്ന പദ്ധതി |
| 17 | ഒരു കോടി ഫലവൃക്ഷതൈ വിതരണം | അത്യുത്പാദന ശേഷിയുള്ള ഫലവൃക്ഷങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി |
| 18 | പച്ചക്കറി വികസന പദ്ധതി | പച്ചക്കറി കൃഷി വികസനത്തിനായി പച്ചക്കറി വിത്ത്, തൈകൾ ക്ലസ്റ്ററുകൾക്കുള്ള ധനസഹായം നൽകി വരുന്ന പദ്ധതി |
| 19 | മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനം | മണ്ണിന്റെ ഫലഭൂയിഷ്ഠം സംരക്ഷിക്കുന്നതിനായി കുമ്മായം, മൈക്രോന്യൂട്രിയന്റ് എന്നിവ നൽകുന്നു |

| | | |
|---|---|---|
| 20 | ഉഴവുകൂലി | ചെറുകിട നാമ മാത്ര കർഷകർക്ക് നെൽകൃഷി ചെയ്യുന്നതിനായി ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ഉഴവുകൂലി നൽകുന്ന പദ്ധതി |
| 21 | പ്രൊഡക്ഷൻ ബോണസ് | നെല്ല് ഉത്പാദനത്തിനായി ധനസഹായം നൽകുന്ന പദ്ധതി |
| 22 | ഫാം മെക്കനൈസേഷൻ | തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും സമയബന്ധിതമായി കൃഷികാർഷിക പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും |
| 23 | പിഡിഎംസി | പദ്ധതി പ്രകാരം എല്ലാ വിളകൾക്കും 55 ശതമാനം സബ്സിഡി ഏജൻസി വഴി നൽകി വരുന്നു. ഗവ. ഓഫ് ഇൻഡ്യയുടെ എസ്റ്റിമേറ്റഡ് കോസ്റ്റിന്റെ 55 ശതമാനമാണ് സബ്സിഡി നൽകുന്നത് |